(3) <u>അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി</u>

2018 ഡിസംബർ 13-ാം തീയതി അടിയന്തരപ്രമേയ നോട്ടീസ് പരിഗണനാവേളയിൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(3), 52(6) എന്നിവയനുസരിച്ചും ഭരണഘടനാ മൂല്യങ്ങളും നവോത്ഥാന ആശയങ്ങളും പ്രചരിപ്പിക്കുന്ന ഏറ്റവും ശക്തമായ വനിതാപ്രതിരോധ നിരയെ "വർഗ്ഗീയ മതിൽ" എന്ന് ചിത്രീകരിക്കുന്നത് ഭരണഘടനാ വിരുദ്ധവും സ്ത്രീവിരുദ്ധവുമായതിനാലും അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ലെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെക്കാണുന്ന റൂളിംഗ് നൽകി.*

“ കേരള നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52 പ്രകാരം ബഹുമാനപ്പെട്ട മന്ത്രിയുടെ വാദത്തിൽ പ്രഥമദൃഷ്ട്യാ ന്യായമുണ്ടെങ്കിലും റൂൾ 50 അനുസരിച്ച് ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം വനിതാ മതിൽ സംഘടിപ്പിക്കാനുള്ള നീക്കം നിമിത്തം വിവിധ മേഖലകളിൽ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളെ സംബന്ധിച്ചായതിനാൽ

അത് സഭയിൽ ചർച്ച ചെയ്യുന്നതിൽ അപാകതയുണ്ടെന്ന് ചെയർ കരുതുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”

******